# ഹാഷ് ടാഗുകളും ആലപ്പാട് സമരവും

**ഇന്റർനെറ്റിൽ** ഏറ്റവും അധികം ഉപയോഗിക്കപ്പെടുന്നതും സ്വാധീനശക്തിയുള്ളതുമായ ചിഹ്നമാണ് ഹാഷ് ടാഗ് (#). ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, ടിറ്റർ തുടങ്ങിയ നവമാധ്യമങ്ങളിൽ ലോകവ്യാപകമായി ലക്ഷക്കണക്കിന് ഹാഷ് ടാഗുകൾ നെടുകെയും കുറുകെയും ദിനംപ്രതി കോറിവരയ്ക്കപ്പെടുന്നുണ്ട്. ക്രിസ്റ്റർഫർ റീവ്സ് മെസിന എന്ന അമേരിക്കൻ ടെക്നോളജി വിദഗ്ധൻ സന്ദേശങ്ങൾ ഗ്രൂപ്പ് ചെയ്യാനുള്ള മാർഗ്ഗമായി 2007ൽ അവതരിപ്പിച്ച ഈ നാലുവര ചിഹ്നം 11 വർഷത്തിനിപ്പുറം പലമാനങ്ങളിൽ പടരുകയാണ്. പോയവർഷം 'മീ ടു' എന്ന ഹാഷ് ടാഗ് ലോകവ്യാപകമായി ലൈംഗികാതിക്രമങ്ങൾക്കെതിരായ ഒരു സമരായുധമായി മാറിയ കാഴ്ച ശ്രദ്ധേയമായിരുന്നു. 2019 പിറന്നപ്പോൾ കേരളത്തിൽ എല്ലാ നവമാധ്യമങ്ങളിലും ഹാഷ് ടാഗിനൊപ്പം ഏറ്റവും കൂടുതൽ കുറിക്കപ്പെടുന്ന ഒരു വാക്ക് മറ്റൊരു സമരത്തെക്കുറിച്ചുള്ളതാണ്, #സേവ് ആലപ്പാട്. കരിമണൽ ഖനനത്തിനെതിരെ വർഷങ്ങളായി തുടരുന്ന ഒരു ജനതയുടെ അതിജീവന സമരത്തെ നവ മാധ്യമങ്ങൾ ഹാഷ് ടാഗിലൂടെ വിപുലപ്പെടുത്തി കേരള ജനതയുടെ സജീവ ശ്രദ്ധയിലേക്ക് കൊണ്ടുവരികയും ഐക്യപ്പെടലുകളിലേക്ക് വളർത്തിയെടുക്കുകയും ചെയ്യുന്ന അപൂർവ്വകാഴ്ചയായി 'സേവ് ആലപ്പാട്' മാറുകയാണ്.

നവമാധ്യമങ്ങളുടെ കടന്നുവരവ് ജനകീയ സമരങ്ങളെയും തെരുവ് പ്രതിഷേധങ്ങളെയും പലവിധത്തിലും ശക്തിപ്പെടുത്തുന്ന കാഴ്ചകൾക്ക് പോയ നാളുകളിൽ കേരളവും സാക്ഷിയായിട്ടുണ്ട്. എന്നാൽ സ്ഥിരോത്സാഹത്തോടെ ഒരു വിഷയം വളരെ വ്യാപകമായി ഏറ്റെടുക്കപ്പെടുകയും കേരളത്തിലെ യുവസമൂഹത്തിന്റെ പ്രത്യേക പരിഗണന ആ സംവാദത്തിലേക്ക് ഇത്രയേറെ ആനയിക്കപ്പെടുകയും ചെയ്യുന്നത് ഇത് ആദ്യമാണ്. 'മീ ടു' പോലെ പടർന്നുപിടിച്ച വൈയക്തിക ആവിഷ്കാരങ്ങളിൽ നിരവധി പേർ പങ്കുചേർന്നിട്ടുണ്ടായിരുന്നെങ്കിലും പരിസ്ഥിതി-വിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട ഒരു സമരത്തിൽ ഒരു ഹാഷ് ടാഗ് ഇത്ര ശക്തമായി സാന്നിധ്യം അറിയിക്കുന്നതിന്റെ പ്രതിഫലനങ്ങൾ 'സേവ് ആലപ്പാട്' ക്യാമ്പയിനിൽ കാണാൻ കഴിയുന്നുണ്ട്. ആക്ഷേപഹാസ്യ രൂപേണ സമകാലിക വിഷയങ്ങൾ അവതരിപ്പിക്കുന്ന ട്രോളർമാർ വരെ ആലപ്പാടിലെ ഗൗരവമുള്ള വസ്തുതകൾക്ക് ഹാസ്യത്തിന്റെ പിന്തുണയോടെ വലിയ പ്രചാരണം നൽകി. അത് ആ വിർചൽ സ്പെയ്സിന്റെ അവാസ്ഥവികതയിൽ ഒതുങ്ങി നിന്ന ഒന്നായിരുന്നില്ല. നവംബർ ഒന്നിന് ആലപ്പാട് സമരസമിതി തുടങ്ങിയ നിരാഹാര സമരപന്തലിന്റെ വാസ്തവികത്വത്തിലേക്ക് നിരവധി പേർ മനസ്സും ശരീരവും സമർപ്പിച്ച് വന്നെത്തി. ആലപ്പാടിന്റെ പ്രശ്നം നേരിൽ കണ്ടു. അമ്പത് വർഷത്തിലേറെയായി തുടരുന്ന കരിമണൽ ഖനനത്തിന്റെ ഭീകരത തിരിച്ചറിഞ്ഞു. ഇനിയും എത്രനാൾ ഈ കര ഇങ്ങനെ ശേഷിക്കുമെന്ന ആലപ്പാടുകാരുടെ ആശങ്കയെ ഉൾക്കൊണ്ടു. അങ്ങനെ സമരത്തെ അവഗണിച്ചിരുന്ന മുഖ്യധാരാ മാധ്യമങ്ങളും ഭരണനേതൃത്വങ്ങളും വരെ പ്രളയത്തിൽ നിന്നും കേരളത്തെ കരകയറ്റിയ മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിനെ ബാധിക്കുന്ന ഒരു വിഷയം ചർച്ചചെയ്യാൻ നിർബന്ധിതരായിത്തീർന്നു. ദുഷ്ടലാക്കോടെയാണ് മന്ത്രി ഇ.പി. ജയരാജൻ പറഞ്ഞതെങ്കിലും ആലപ്പാട് സമരം മലപ്പുറത്തുകാരുടെയും സർവ്വോപരി കേരളത്തിലെമ്പാടുമുള്ളവരുടെയും ഒരു വിഷയമായി വളർന്നു. ആദ്യം പലവിധത്തിലും എതിർക്കുന്നതിനും അവഗണിക്കുന്നതിനും ശ്രമിച്ചെങ്കിലും സർക്കാർ സമരസമിതിയുമായി ഏതുവിധത്തിലുള്ള ചർച്ചയ്ക്കും സന്നദ്ധമായി നിൽക്കുകയാണ് ഇപ്പോൾ. ഇതിന് മുമ്പും നിരവധി ചർച്ചകൾക്ക് സാക്ഷിയായ ആലപ്പാടുകാർക്ക് ഇതിൽ പുതുമയൊന്നുമില്ലെങ്കിലും ഇത്തവണ ന്യായമായ ചില പരിഹാരങ്ങൾ അവർ പ്രതീക്ഷിക്കുന്നുണ്ട്. കാരണം, കേരളത്തിന്റെ പല മേഖലകളിൽ നിന്നുള്ള ജനതയുടെ ഐക്യദാർഢ്യം സമരത്തിനൊപ്പമുണ്ടെന്ന് ഓരോ മണിക്കൂറിലും സോഷ്യൽ മീഡിയയിൽ പുതിയതായി കുറിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ ധാർമ്മിക പിന്തുണകളുടെ ശക്തി പ്രശ്നപരിഹാരത്തിനായുള്ള നീക്കങ്ങൾക്ക് കരുത്തേകുമെന്നുള്ള സൂചനകൾ കണ്ടുതുടങ്ങിയിരിക്കുന്നു. അതുതന്നെയാണ് പരിസ്ഥിതി-വിഭവ സംരക്ഷണത്തിനായി കേരളത്തിൽ ഇതുവരെ നടന്ന ജനകീയ സമരങ്ങളിൽ നിന്നും സേവ് ആലപ്പാട് ക്യാമ്പയിനെ വ്യത്യസ്തമാക്കുന്നതും. ന്യായവും സത്യസന്ധവുമായ ഒരു സമരത്തോട് സോഷ്യൽ മീഡിയയിലൂടെ രൂപപ്പെടുന്ന അനുഭാവം അധികാരക്കുത്തകയ്ക്കെതിരായ പൗരരുടെ ആത്മപ്രകാശനമായി വളരുമെന്ന സൂചനയാണ് ഇത് നമുക്ക് നൽകുന്നത്.

സേവ് ആലപ്പാട് പ്രചാരണം പുതിയതാണെങ്കിലും ആലപ്പാടുകാരെ സംബന്ധിച്ച് ഐ.ആർ.ഇ എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ മുൻകൈയിൽ നടക്കുന്ന കരിമണൽ ഖനനത്തിനെതിരായ പ്രതിഷേധങ്ങൾക്ക് ഏറെക്കാലത്തെ ചരിത്രമുണ്ട്. തീരം കടലെടുത്ത് പോയതുകൊണ്ട് പല കാലങ്ങളിൽ വീടും ഭൂമിയും ഉപേക്ഷിച്ച് പിന്മടങ്ങേണ്ടി വന്നവരാണവർ. മത്സ്യബന്ധനത്തിനുള്ള സ്വാഭാവികതീരങ്ങൾ കാണാതായതോടെ പണ്ടേ ഉപജീവനം നഷ്ടമായവരാണവർ. അപ്പോഴെല്ലാം പലരും പലവിധത്തിൽ കരിമണൽ ഖനനത്തെ എതിർത്തു. എന്നിട്ടും തദ്ദേശീയരുടെ പ്രതിഷേധങ്ങളെ വകവയ്ക്കാതെ ഐ.ആർ.ഇ നിർബാധം ഖനനം തുടർന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ ആലപ്പാടിനോട് ചേർന്നുള്ള ആറാട്ടുപുഴ-തൃക്കുന്നപ്പുഴ തീരത്ത് സ്വകാര്യമേഖലയിൽ കരിമണൽ ഖനനം ആരംഭിക്കുന്നതിനുള്ള നീക്കത്തെ എതിർത്തു തോൽപ്പിക്കാൻ കഴിഞ്ഞു എന്നതു മാത്രമാണ് ആകെയുള്ള ആശ്വാസം. ആലപ്പാടിനെ കടൽ വിഴുങ്ങിക്കൊണ്ടേയിരുന്നു. കടലിനും കായലിനും ഇടയിൽ കര നേർത്തുകൊണ്ടേയിരുന്നു. ഉപ്പുവെള്ളത്തിന്റെ ചവർപ്പു കലരാത്ത കിണറുകൾ നാട്ടിൽ അവശേഷിക്കാതെയായി. നിൽക്കുന്ന തറതന്നെ ചോർന്നുപോകുമെന്ന നിലവന്നതോടെ അവർ അതിജീവനത്തിനായി വീണ്ടും സമരപ്പന്തലൊരുക്കി. നിലനിൽപ്പിനായുള്ള ഈ ജനാരവം ഇനിയും പരാജയപ്പെടാൻ പാടില്ല. ഇപ്പോൾ ഐക്യപ്പെട്ടവർ കൂടെയുണ്ടാവുക മാത്രമാണ് അതിനൊരുവഴി. ആ ഹാഷ് ടാഗ് ദയവായി പിൻവലിക്കരുതേ. ■